24803570 (Pages : 3) Reg. No.................................

Name...................................

# FIVE YEAR B.A., LL.B. / B.Com., LL.B. (HONOURS) DEGREE EXAMINATION, JUNE 2024

## Fifth Semester

FM–2 Additional Language–Paper II—MALAYALAM

(2021 Admissions–Regular/2018 to 2020 Admissions–Supplementary)

Time : Three Hours Maximum : 75 Marks

### എ വിഭാഗം

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിന്റെ പിതാവോ പ്രഥമാചാര്യനോ ആയിരുന്ന ശ്രീനാരായണ ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ 1888-ലാണ് നടന്നത്. ദീർഘനാളത്തെ പഠന പര്യടനങ്ങൾക്കും തപശ്ചര്യങ്ങൾക്കും ശേഷം 1888-ൽ തന്റെ 33-മത്തെ വയസ്സിലാണ് ഗുരുദേവൻ അങ്ങനെ തന്റെ ജീവിത ദൗത്യവുമായി പൊതുജനരംഗത്ത് ഇറങ്ങുന്നത്. ഈ സംഭവത്തിന്റെ ചരിത്ര പ്രാധാന്യം ഇന്ന് പരക്കെ പണ്ഡിതപാമര ഭേദമെന്യേ എല്ലാവരും അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്. 1888-ലായിരുന്നു കേരളത്തിന്റെ ദക്ഷിണാർധമായ അന്നത്തെ തിരുവിതാംകൂറിൽ ആദ്യമായി പരിമിതമായ പ്രാതിനിധ്യത്തോടെയാണെങ്കിലും ഒരു ജനകീയ നിയമ നിർമാണസഭ നിലവിൽ വന്നത്. 1888-ൽത്തന്നെയാണ് കേരളത്തിൽ കേരളീയരുടെ വകയായി ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനി ക്ലിപ്തമായ ബാധ്യതയോടു കൂടി നിലവിൽ വന്നത്. കണ്ടത്തിൽ വർഗീസ് മാപ്പിള മുൻകയ്യെടുത്ത് രൂപീകരിച്ച മലയാള മനോരമ കമ്പനിയാണിത്. ഈ കമ്പനിയാണ് 1890-ൽ മലയാള മനോരമ ഒരു പ്രതിവാര വൃത്താന്ത പത്രമായി പ്രസിദ്ധീകരിച്ചു തുടങ്ങിയത്. 1887-ലാണ് മനോരമയോടൊപ്പം ഇന്നും സജീവമായി പ്രവർത്തിക്കുന്ന ദീപികയുടെ പൂർവ രൂപമായിരുന്ന നസ്രാണി ദീപിക പ്രസിദ്ധീകരിച്ച് തുടങ്ങിയത്.

1. കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ് ?
2. ദീപിക ദിനപത്രത്തിന്റെ ആദ്യകാല പേര് എന്തായിരുന്നു ?
3. കേരളത്തിലെ ആദ്യത്തെ ജോയിന്റ് സ്റ്റോക്ക് കമ്പനി രൂപീകൃതമായ വർഷം.
4. അരുവിപ്പുറം പ്രതിഷ്ഠ നടന്ന വർഷം.
5. മലയാള മനോരമ കമ്പനിയുടെ സ്ഥാപകൻ ആരാണ് ?

(5 × 1 = 5 marks)

Turn over

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

(a) സമാന്തര സിനിമകൾ.  (b) നവ മാധ്യമങ്ങൾ.

(1 × 10 = 10 marks)

III. ഭരണഘടനാ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

(1 × 10 = 10 marks)

## ബി വിഭാഗം

IV. പിരിച്ചെഴുതുക.

(a) ജഗദീശ്വരൻ.  (b) കരതലാമലകം.

(c) പൊൽത്താമര.  (d) ഉല്ലാസം.

(e) മുഖാന്തരം.

(5 × 1 = 5 marks)

V. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.

(a) ആദ്യാവസാനം – ആദ്യവസാനം.

(b) ആവർത്തി – ആവൃത്തി.

(c) ഉത്ഘാടനം – ഉദ്ഘാടനം.

(3 × 1 = 3 marks)

VI. വിപരീതപദം എഴുതുക.

(a) അധഃപതനം.

(b) അനുഗ്രഹം.

(c) അപായം.

(3 × 1 = 3 marks)

VII. പര്യായം എഴുതുക.

(a) ജലം.  (b) പൂവ്.

(2 × 2 = 4 marks)

VIII. ഒറ്റ വാക്ക് എഴുതുക.

(a) അതിരില്ലാത്തത്.

(b) മുനിയഭാവം.

(2 × 1 = 2 marks)

IX. നാനാർത്ഥം എഴുതുക.

(a) മണം.

(b) മദ്ധ്യം.

(2 × 2 = 4 marks)

X. അർത്ഥവ്യത്യാസം എടുത്തെഴുതുക.

(a) അധഃകൃതൻ – അധികൃതൻ.

(b) ആപാദം – ആപാതം.

(2 × 2 = 4 marks)

## സി വിഭാഗം

ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

XI. (a) സ്വന്തം ലേഖകൻ എന്ന നാടകത്തിന്റെ സവിശേഷതകൾ എഴുതുക.

(b) വി.കെ.എൻ. ശൈലിയെക്കുറിച്ച് അപഗ്രഥിക്കുക.

(c) പ്രേമസംഗീതത്തിലെ ചിന്തകൾ ക്രോഡീകരിക്കുക.

(d) ചെറുകഥകളുടെ സവിശേഷതകളെക്കുറിച്ച് എം.പി. പോളിന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

(e) അച്ഛനും മകളും എന്ന കവിതയിലെ പ്രമേയം ചർച്ച ചെയ്യുക.

(f) കാല്പനിക കവിതകളുടെ പ്രത്യേകതകൾ വീണപൂവിനെ ആസ്പദമാക്കി വിവരിക്കുക.

(g) കാപ്പിരികളുടെ നാട്ടിൽ എന്ന യാത്രാപ്പുസ്തകത്തെ പരിചയപ്പെടുത്തുക.

(h) മനുഷ്യപുത്രി എന്ന കഥ ഉയർത്തുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

(5 × 5 = 25 marks)